REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 28-06-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്നു. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത.
- പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി അടുത്ത മാസത്തേക്ക് ആരോഗ്യ വകുപ്പ് പ്രത്യേക ആക്ഷൻ പ്ലാൻ രൂപീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്.
- പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കുന്ന പ്രതിമാസ മൻ കി ബാത്ത് മറ്റന്നാൾ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും.
- ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കാൻ ജൂലൈ ഒന്നു മുതൽ പുതിയ സംവിധാനം നിലവിൽ വരുമെന്ന് മന്ത്രി K.രാജൻ.
- ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെ തകർത്ത് ഇന്ത്യ ഫൈനലിൽ.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം ഉണ്ടായെങ്കിലും പലയിടത്തും ശക്തമായ മഴ തുടരുകയാണ്. വെള്ളക്കെട്ടിലും മഴയിലും വ്യാപകമായ കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**

**കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.**

**ഡെസ്ക്ക് റിപ്പോർട്ട്**

.....(വോയ്സ്)......

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. അടുത്ത നാലു ദിവസം മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് നിർദ്ദേശിച്ചു.

പത്തനംതിട്ട, ഇടുക്കി, വയനാട്, തിരുവനന്തപുരം, ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. പലയിടത്തും ഉരുൾപൊട്ടലും കടൽക്ഷോഭവും റിപ്പോർട്ട് ചെയ്തു. മഴക്കെടുതികൾ ഗുരുതരമായി ബാധിച്ച ഒമ്പത് ജില്ലകളിൽ ദേശീയ ദുരന്ത നിവാരണ സേനയെ വിന്യസിക്കുകയും പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്തു. മലയോര മേഖലകളിൽ രാത്രിയാത്ര, വിനോദസഞ്ചാരം, ക്വാറികൾ എന്നിവയ്ക്ക് നിരോധനം ഏർപ്പെടുത്തി. വൃഷ്ടിപ്രദേശങ്ങളിൽ കനത്ത മഴ തുടരുന്നതിനാൽ പ്രധാന അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നിട്ടുണ്ട്.

✪✪✪

മഴ തുടരുന്ന സാഹചര്യത്തിൽ കോട്ടയം ജില്ലയിലും , ആലപ്പുഴ ജില്ലയിലെ ചില താലൂക്കുകളിലും, മറ്റ് ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്ന സ്കൂളുകൾക്കും ഇന്ന് അവധി നൽകി. പ്രൊഫഷണൽ കോളേജുകളും, അങ്കണവാടികളും ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും. എന്നാൽ നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധി നൽകി.

✪✪✪

കാസർകോട്ട് ശക്തമായി തുടരുന്ന മഴയിൽ വൻനാശനഷ്ടങ്ങളാണ് ഉണ്ടായത്. തേജസ്വിനി പുഴയടക്കം നിരവധി പുഴകൾ കരകവിഞ്ഞൊഴുകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി

P. ജഗന്നിവാസൻ.

.........(വോയ്സ്)...................

✪✪✪

പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ജൂലൈ മാസത്തേക്ക് ആരോഗ്യ വകുപ്പ് പ്രത്യേക ആക്ഷൻ പ്ലാൻ രൂപീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. പകർച്ചവ്യാധി പ്രതിരോധത്തിനും മികച്ച ചികിത്സ ഉറപ്പ് വരുത്താനുമാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ........

.....(വോയ്സ്)..............

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പാലിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ഡെങ്കിപ്പനി, എലിപ്പനി, ഇൻഫ്ളുവൻസ- H.1 N-1, വയറിളക്ക രോഗങ്ങൾ,, വൈറൽ പനികൾ എന്നിവയാണ് വ്യാപകമാകുന്നത്.

പനി ബാധിച്ച കുട്ടികളെ സ്കൂളിൽ അയയ്ക്കരുതെന്നും, അവർക്ക് കൃത്യമായ ചികിത്സയും വിശ്രമവും ഉറപ്പാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. പക്ഷിപ്പനിയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസിനെതിരെയും ജാഗ്രത പാലിക്കണം.. ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പാക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ബീഹാറിൽ നീറ്റ്-യുജി പരീക്ഷയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് CBI രണ്ട് പേരെ അറസ്റ്റ് ചെയ്തു. പട്നയിൽ നിന്നാണ് ഇവർ അറസ്റ്റിലായതെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

ബിഹാറിൽ കേസുമായി ബന്ധപ്പെട്ട് ഇതുവരെ 17 പേർ അറസ്റ്റിലായിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കുന്ന പ്രതിമാസ മൻ കി ബാത്ത് മറ്റന്നാൾ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും കേൾക്കാം. മൻ കി ബാത്തിന്റെ 111-ാം എപ്പിസോഡാണിത്. തുടർച്ചയായി മൂന്നാം തവണയും നരേന്ദ്ര മോദി പ്രധാനമന്ത്രിയായി ചുമതലയേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന ആദ്യ എപ്പിസോഡാണിത്.

ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ചാനലിലും, AIR ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി കേൾക്കാം. DD ന്യൂസ്, PMO, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി ഉണ്ടായിരിക്കും. ഹിന്ദി പ്രക്ഷേപണത്തിന് ശേഷം കേരള നിലയങ്ങളിൽ മലയാള പരിഭാഷയും കേൾക്കാം.

✪✪✪

ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കാൻ ജൂലൈ ഒന്നു മുതൽ പുതിയ സംവിധാനം നിലവിൽ വരുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. തിരുവനന്തപുരം കളക്ട്രേറ്റിലായിരിക്കും ഇതിന്റെ ഔപചാരിക ഉദ്ഘാടനം. 27 RDO മാരും, സബ് കളക്ടർമാരും തീർപ്പ് കൽപ്പിച്ചിരുന്ന തരംമാറ്റ പ്രക്രിയ ഇനിമുതൽ 71 ഡെപ്യൂട്ടി കളക്ടർമാർ നേരിട്ട് കൈകാര്യം ചെയ്യുമെന്ന് മന്ത്രി അറിയിച്ചു. ഇതിനായി അധിക ജീവനക്കാരെയും അനുവദിച്ചിട്ടുണ്ട്.

✪✪✪

വൈക്കം ചെമ്മനത്ത്കര IHDP നഗർ നിവാസികളിൽ അർഹരായവർക്ക് അടിയന്തരമായി പട്ടയങ്ങൾ വിതരണം ചെയ്യാൻ മന്ത്രി K രാജൻ നിർദ്ദേശം നൽകി. തിരുവനന്തപുരം ILDM ൽ ചേർന്ന കോട്ടയം ജില്ലാ റവന്യൂ അസംബ്ലിയിലാണ് മന്ത്രിയുടെ നിർദ്ദേശം.

ഏറ്റുമാനൂർ- എറണാകുളം റെയിൽപ്പാതയിലെ അപകട വളവുകൾ നിവർത്തുന്നതിന് സർവെ നമ്പർ അപാകതകൾ ചർച്ച ചെയ്തു പരിഹരിക്കാൻ MLA മാരുടെയും, കൃഷി- പൊതുമരാമത്ത് മന്ത്രിമാരുടെയും യോഗം വിളിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കൂൺകൃഷി പ്രോത്സാഹനത്തിന് സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ നടപ്പാക്കുന്ന കൂൺഗ്രാമം പദ്ധതി വൈകിട്ട് മന്ത്രി P പ്രസാദ് കൊല്ലം ഏരൂരിൽ ഉദ്ഘാടനം ചെയ്യും. കൂൺകൃഷിയിൽ മാതൃകാപരമായ

നേട്ടങ്ങൾ കൈവരിച്ച കർഷകരെ മന്ത്രി J ചിഞ്ചു റാണി ചടങ്ങിൽ ആദരിക്കും. സംസ്ഥാനത്ത് നൂറ് കൂൺഗ്രാമങ്ങൾ ആരംഭിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

✪✪✪

വിദ്യാർഥികൾക്കും അധ്യാപകർക്കുമായി എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന ഊർജ്ജസംരക്ഷണ അവബോധ പരിപാടിയായ ഉണർവ്വിന്റെ രണ്ടാം ഘട്ടം ഇന്ന് മന്ത്രി V.ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

അധ്യാപകരും വിദ്യാർഥികളും എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ച് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്ന പരിപാടിയാണ് ഉണർവ്വ്.

✪✪✪

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെ തകർത്ത് ഇന്ത്യ ഫൈനലിൽ. 68 റൺസിനാണ് ഇന്ത്യയുടെ വിജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 171 റൺസെടുത്തു. 172 റൺസ് വിജയലക്ഷ്യത്തോടെ ബാറ്റിംഗ് ആരംഭിച്ച ഇംഗ്ലണ്ട്, 16.4 ഓവറിൽ 103 റൺസിന് പുറത്തായി. 39 പന്തിൽ നിന്ന് 57 റൺസെടുത്ത ക്യാപ്റ്റൻ രോഹിത് ശർമ്മയാണ് ഇന്ത്യയുടെ ടോപ്പ് സ്കോറർ. കുൽദീപ് യാദവും, അക്സർ പട്ടേലും ഇംഗ്ലണ്ടിന്റെ മൂന്ന് വിക്കറ്റ് വീതം വീഴ്ത്തി. അക്സറാണ് മാച്ചിലെ താരം.

നാളെ ഫൈനൽ മാച്ചിൽ ബാർബഡോസിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം. മൂന്നാം തവണയാണ് ഇന്ത്യ ട്വന്റി-20 ലോകകപ്പ് ഫൈനലിൽ എത്തുന്നത്.

✪✪✪

കോഴിക്കോട്ട് സ്ഥാപിക്കുന്ന ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. 558 കോടി 68 ലക്ഷം രൂപ ചെലവിൽ സ്ഥാപനം നിർമ്മിക്കാൻ കഴിഞ്ഞ ദിവസം മന്ത്രിസഭാ യോഗം അനുമതി നൽകിയിരുന്നു.

അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനാണ് കേന്ദ്രം ആരംഭിക്കുന്നത്. കോഴിക്കോട് ചേവായൂരിലെ 20 ഏക്കർ സ്ഥലത്തായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്.

✪✪✪

ക്വട്ടേഷൻ-സ്വർണക്കടത്ത് സംഘങ്ങൾക്കെതിരേ DYFI കണ്ണൂർ ജില്ലാ മുൻ പ്രസിഡന്റ് മനു തോമസ് ഉന്നയിച്ച ആരോപണങ്ങൾ ഗൗരവമായി അന്വേഷിക്കണമെന്ന് BJP യും കോൺഗ്രസും, മുസ്ലീം ലീഗും ആവശ്യപ്പെട്ടു.

വിഷയം കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P. അബ്ദുള്ളക്കുട്ടി പറഞ്ഞു.

സ്വർണ്ണക്കടത്ത് - ക്വട്ടേഷൻ സംഘങ്ങളുമായി CPIM നേതാക്കൾക്കളുടെ ബന്ധം CBI അന്വേഷിക്കണമെന്ന് DCC പ്രസിഡന്റ് മാർട്ടിൻ ജോർജും ആവശ്യപ്പെട്ടു.

മനു തോമസിന്റെ വെളിപ്പെടുത്തലിനെപ്പറ്റി CPIM സംസ്ഥാന സെക്രട്ടറി വിശദീകരണം നൽകണമെന്ന് മുസ്ലിം ലീഗ് കണ്ണൂർ ജില്ലാ കമ്മറ്റിയും പ്രസ്താവനയിൽ ആവശ്യം ഉന്നയിച്ചു.

✪✪✪

ലക്ഷദ്വീപിൽ അതീവ ഗുരുതരാവസ്ഥയിലായിരുന്ന 4 രോഗികളെ നാവികസേനയും, കോസ്റ്റ് ഗാർഡും ചേർന്ന് കൊച്ചിയിൽ എത്തിച്ചു. ദ്വീപ് ഭരണകൂടത്തിന്റെ അഭ്യർത്ഥനയെ തുടർന്ന്, നാവിക സേനയുടെയും, കോസ്റ്റ് ഗാർഡിന്റെയും ഡോർണിയർ വിമാനങ്ങളിലാണ് രണ്ട് കുഞ്ഞുങ്ങളും ഒരു സ്ത്രീയും അടക്കം നാലു പേരെ കൊച്ചിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

✪✪✪

പുലിമുട്ടുകളോടുകൂടിയ കടൽ ഭിത്തി നിർമ്മിക്കണമെന്ന കൊച്ചി വൈപ്പിൻ നിവാസികളുടെ ആവശ്യത്തോട് സംസ്ഥാന ഗവൺമെൻറ് ഉദാസീന നയമാണ് സ്വീകരിക്കുന്നതെന്ന് BJP എറണാകുളം ജില്ലാ പ്രസിഡൻറ് K.S ഷൈജു ആരോപിച്ചു. എടവനക്കാട് ഇന്നലെ കടൽക്ഷോഭത്തിൽ ചിലർക്ക് പരിക്കേൽക്കാനും, വീടുകൾക്ക് നാശനഷ്ടമുണ്ടാകാനും വഴിയൊരുക്കിയത് ഇത്തരം സമീപനം മൂലമാണെന്നും, അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

കാസർകോട്ട് വലിയ പറമ്പിൽ മീൻപിടിക്കുന്നതിന്നതിനിടയിൽ യുവാവ് പുഴയിൽ വീണ് മരിച്ചു. വെളുത്ത പൊയ്യയിൽ മുകേഷാണ് മരിച്ചത്.

✪✪✪

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെപ്പറ്റി സമൂഹ മാധ്യമങ്ങളിൽ വ്യാജപ്രചാരണം നടത്തുന്നവർക്കെതിരെ പൊലീസ് സൈബർ സെൽ അന്വേഷണം ആരംഭിച്ചു. സൊസൈറ്റിയുടെ നിർമ്മാണങ്ങൾക്ക് കേടുപാടു സംഭവിച്ചെന്ന തരത്തിലാണ് സമൂഹ മാധ്യമങ്ങളിലെ പ്രചാരണമെന്ന് ULCC അറിയിച്ചു.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് രാവിലെ പത്തിന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹകരണത്തോടെ കാഴ്ചപരിമിതർക്കായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കും. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ S.H പഞ്ചാപകേശൻ, സാമൂഹ്യ നീതി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ അഷ്റഫ് കാവിൽ എന്നിവർ സെമിനാർ നയിക്കും.

✪✪✪